Jeeva Jyothi Offset Press, Tvm. Ph:0471-2311620

No. 002/2017/PL Dated:27.02.2017 Latin Archdiocese of Trivandrum, Vellayambalam

# *തപസ്സുകാലം 2017*

**ദൈവത്തിനു സ്തുതി!**
**ദൈവജനത്തിന് സമാധാനം!**

***വന്ദ്യവൈദികരേ, പ്രിയമക്കളേ,***

ഏതാനും ദിവസങ്ങൾക്കുമുമ്പ് ജീവിത നവീകരണത്തിന്റെ അടയാളമായി നെറ്റിയിൽ ചാരം പൂശിക്കൊണ്ട് നാം വീണ്ടുമൊരു തപസ്സുകാലം സമാംരംഭിച്ചു. ആദ്യ ഞായറാഴ്ചയായ ഇന്നേദിവസം സുവിശേഷത്തിൽ നാം വായിച്ചുകേട്ടതുപോലെ, മരുഭൂമിയിലെ യേശുവിന്റെ പ്രലോഭനങ്ങളെക്കുറിച്ച് ധ്യാനിച്ചുകൊണ്ട് നോമ്പുകാലം സമാരംഭിക്കുവാനാണ് തിരുസ്സഭ നമ്മെ ക്ഷണിക്കുന്നത്. ജോർദ്ദാൻ നദിയിൽവച്ച് സ്നാപകയോഹന്നാനിൽനിന്നും ജ്ഞാനസ്നാനം സ്വീകരിക്കുന്ന യേശു പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് മരുഭൂമിയുടെ നിശ്ശബ്ദതയിൽ നാല്പതു രാവും നാല്പതു പകലും ചിലവഴിക്കുന്നു. വ്യക്തമായ ഉൾക്കാഴ്ചകളോടുകൂടി തന്റെ പരസ്യജീവിതം സമാരംഭിക്കുന്നതിനുള്ള ഒരു തയ്യാറെടുപ്പായിരുന്നു ഈ നാല്പതു ദിവസങ്ങളും. മരുഭൂമിയിലെ നിശ്ശബ്ദമായ അന്തരീക്ഷം ദൈവാനുഭവത്തിന്റെയും ദൈവദർശനത്തിന്റെയും വെളിപാടിന്റെയും മണ്ഡലമെന്നപോലെ തന്നെ പ്രാർഥനയുടെയും പ്രലോഭനങ്ങളുടെയും ഒരു മേഖലകൂടിയാണ്. പ്രലോഭനങ്ങളിലൂടെ സാത്താൻ യേശുവിനെ പിതാവിൽനിന്ന് അകറ്റാൻ ശ്രമിക്കുമ്പോൾ പ്രാർഥനാനിർഭരമായ വചന ധ്യാനത്തിലൂടെയും വ്യക്തമായ നിലപാടുകളിലൂടെയുമാണ് യേശു എല്ലാ പ്രലോഭനങ്ങളെയും അതിജീവിക്കുന്നത്. യേശുവിന്റെ ഈ മാതൃക അനുകരിച്ചുകൊണ്ട് പ്രാർഥനയുടെയും ഉപവാസത്തിന്റെയും ദാനധർമ്മത്തിന്റെയും അരൂപിയിൽ നാല്പതോളം ദിവസങ്ങൾ ചിലവഴിച്ചുകൊണ്ട് ജീവിത നവീ

കരണം ഒരു യാഥാർത്ഥ്യമാക്കുവാനും ഉത്ഥാനത്തിന്റെ മഹത്വത്തിലേക്ക് പ്രവേശിക്കുവാനുമാണ് തിരുസ്സഭ നമ്മെ ക്ഷണിക്കുന്നത്.

ഇതോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച അർത്ഥവത്തും ഹൃദയസ്പർശിയുമായ നോമ്പുകാല സന്ദേശത്തിന്റെ പ്രസ്കത ഭാഗങ്ങളിലേക്കു ഞാൻ നിങ്ങളുടെ ശ്രദ്ധ തിരിക്കുകയാണ്. തിരുവചനങ്ങൾ ഉദ്ധരിച്ചുകൊണ്ടാണല്ലോ യേശു സാത്താനെ ദൂരെയകറ്റുകയും പിതാവ് തന്നെ ഏല്പിച്ച ദൗത്യത്തിനായി തന്നെത്തന്നെ പൂർണ്ണമായും സമർപ്പിക്കുകയും ചെയ്യുന്നത്. ഇത്തവണ ജീവിത നവീകരണത്തിനായി ഫ്രാൻസിസ് പാപ്പാ പ്രധാനമായും നമുക്ക് നിർദ്ദേശിച്ചുതരുന്ന വചന ഭാഗം സമ്പന്നനായ മനുഷ്യന്റെയും ലാസറിന്റെയും ഉപമയാണ്.

ആദ്യമായി നാം ചിന്തിക്കേണ്ടത് ഈ ഉപമയിൽ അവതരിപ്പിച്ചിരിക്കുന്ന രണ്ടു കഥാപാത്രങ്ങളുടെയും പ്രത്യേകതകളെക്കുറിച്ചാണ്.

മനുഷ്യരുടെ ദൃഷ്ടിയിൽ വളരെയേറെ കഷ്ടതകൾ അനുഭവിക്കുന്നവനും നിർഭാഗ്യവാനും എല്ലാവരുടെയും സഹതാപത്തിന് അർഹനുമായ ഒരു വ്യക്തിയായിട്ടാണ് ലാസറിനെ അവതരിപ്പിച്ചിരിക്കുന്നത്. അയാൾ ദരിദ്രനായിരുന്നുവെന്നും പടിവാതില്ക്കൽ കിടക്കുകയായിരുന്നുവെന്നും പറയുമ്പോൾ സമൂഹദൃഷ്ടിയിൽ ലാസറിന് എഴുന്നേറ്റു നിൽക്കുവാനുള്ള കഴിവോ സമ്പന്നന്റെ വീട്ടിൽ പ്രവേശിക്കാനുള്ള യോഗ്യതയോ ഇല്ലായിരുന്നു എന്നാണ് അർത്ഥം. സമ്പന്നന്റെ മേശയിൽ നിന്നും വീണിരുന്നവകൊണ്ട് വിശപ്പടക്കാൻ അയാൾ ആഗ്രഹിച്ചുവെന്നു പറയുമ്പോൾ അതുപോലും അയാൾക്ക് ലഭിച്ചിരുന്നില്ല എന്നാണ് ധ്വനി. ശരീരമാകെ നിറഞ്ഞിരുന്ന വ്രണങ്ങളെ നക്കിയിരുന്ന നായ്ക്കളെ ആട്ടിയോടിക്കാൻവേണ്ട ശക്തിപോലും അയാൾക്കില്ലായിരുന്നു.

സമ്പന്നന് ലാസർ വിലകുറഞ്ഞവനും അപരിചിതനുമായിരുന്നെങ്കിൽ ദൈവത്തിന്റെ ദൃഷ്ടിയിൽ അയാൾ വിലയുള്ളവനും വേണ്ടപ്പെട്ടവനുമായിരുന്നു. ലാസർ എന്ന പേരുള്ളവനായിട്ടാണ് ദരിദ്രനായ ഈ മനുഷ്യനെ അവതരിപ്പിച്ചിരിക്കുന്നത്. സുപരിചിതരും മേൽവിലാസവും ചരിത്രവുമുള്ള വ്യക്തികളെയാണല്ലോ നാം പേരുചൊല്ലി വിളിക്കുന്നത്. ലാസർ എന്ന പേരിന്റെ അർത്ഥം "ദൈവദാനം" അഥവാ "ദൈവസഹായം" എന്നാണ്. അതായത് ഒരു അമൂല്യനിധിയായി ദൈവം



ങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. എങ്കിലും അവശത അനുഭവിക്കുന്നവരെ സഹായിക്കുന്നതിനേക്കാൾ മുൻതൂക്കം പലപ്പോഴും നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് നാം നല്കിക്കൊണ്ടിരിക്കുന്നത് എന്ന ആക്ഷേപവും നിലനില്ക്കുന്നുണ്ട്. ഫ്രാൻസിസ് മാർപാപ്പയുടെ ജീവിതമാതൃകയുടെയും തുടർച്ചയായ ആഹ്വാനങ്ങളുടെയും പശ്ചാത്തലത്തിൽ ഇതിനും ഒരു പരിഹാരം നാം കണ്ടെത്തേണ്ടിയിരിക്കുന്നു.

മാർപാപ്പാ ആഹ്വാനം ചെയ്യുന്നതുപോലെ ഈ നോമ്പുകാലത്തെ മാനസാന്തരത്തിലേക്കുള്ള യാത്രയിൽ വചനത്തെയും സഹോദരരെയും ദൈവദാനങ്ങളായി തിരിച്ചറിയാനും വചനത്തിലൂടെ പാപത്തിന്റെ അന്ധകാരത്തിൽനിന്ന് വിമുക്തരാകുവാനും അവശതയനുഭവിക്കുന്ന സഹോദരരിൽ വചനമായ യേശുവിനെ കണ്ടുകൊണ്ട് അവരെ ശുശ്രൂഷിക്കാനുംവേണ്ട വെളിച്ചത്തിനായും കൃപയ്ക്കായും പ്രാർഥിക്കുകയും അതിനായി നമ്മെ സമർപ്പിക്കുകയും ചെയ്യാം.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

സ്നേഹത്തോടെ,

വെള്ളയമ്പലം
27.02.2017

† സൂസപാക്യം എം.
തിരുവനന്തപുരം മെത്രാപ്പോലീത്ത

***NB: ഈ ഇടയലേഖനം മാർച്ച് 5-ന് ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.***

*ഇക്കൊല്ലം മാർച്ച് മാസം 19-ാം തീയതി തപസ്സുകാലം മൂന്നാം ഞായറാഴ്ച ആയതിനാൽ അന്ന് ഒരു കാരണവശാലും വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷിക്കാൻ പാടുള്ളതല്ലെന്നും, മാർച്ച് 20-ാം തീയതിയാണ് ഈ ആഘോഷങ്ങളെന്നും ഓർമിപ്പിക്കുന്നു.*

ജീവിതത്തെ ക്രമീകരിക്കുന്നതിലും അയാൾ കാണിച്ച വിമുഖതയാണ്. വചനം അവഗണിച്ചതുകാരണം ദൈവവുമായി ബന്ധപ്പെടാനോ ദൈവത്തെ സ്നേഹിക്കാനോ അയാൾക്കു സാധിച്ചില്ല; അത് അയൽക്കാരനിൽ നിന്ന് കൂടുതൽ കൂടുതൽ അകലാനും അവരെ പുച്ഛിക്കാനും ഇടയാക്കി. തന്റെതന്നെ ആസക്തികളിലും ബുദ്ധിയിലും ശക്തിയിലും കഴിവുകളിലും അഹങ്കരിച്ച അയാൾ വചനത്തിന്റെ മുന്നറിയിപ്പുകൾക്ക് അർഹമായ പ്രാധാന്യം നല്കിയില്ല. മരണത്തോടുകൂടി അയാൾക്ക് ഇതെല്ലാം ഉപേക്ഷിച്ചുപോകേണ്ടിവന്നുവെന്നുമാത്രമല്ല, മരണശേഷം അസ്സഹനീയമായ പീഡകൾക്ക് വിധേയനാകേണ്ടിവരികയും ചെയ്തു.

ഈ പശ്ചാത്തലത്തിൽ ധനവാന്റെ ദുരവസ്ഥ നമുക്കു വന്നുഭവിക്കാതിരിക്കുവാനും ലാസറിനെപ്പോലെ കുറെയൊക്കെ സഹിക്കേണ്ടിവന്നാലും ദൈവദാനങ്ങളെ വിലമതിച്ച് മാരണാനന്തര ജീവിതത്തെ ലക്ഷ്യമാക്കി മുന്നോട്ടുപോകുവാനുമുള്ള ഒരു ആഹ്വാനമാണ് മാർപാപ്പാ തന്റെ നോമ്പുകാല സന്ദേശത്തിലൂടെ നമുക്ക് നല്കുന്നത്. ഈ ലോകത്തിലും നമ്മുടെ ജീവിതം ധന്യമാക്കുന്നത് ദൈവവചനത്തെ ഏറ്റവും വലിയ ദാനമായി സ്വീകരിക്കുമ്പോഴും ആ വചനം സഹോദരങ്ങളുമായി പങ്കുവച്ചുകൊണ്ട് സഹോദരങ്ങളാകുന്ന ദൈവദാനങ്ങൾക്കായി നമ്മുടെ ഹൃദയം തുറന്നുകൊടുക്കുമ്പോഴുമാണെന്ന് മാർപാപ്പാ നമ്മെ ഓർമിപ്പിക്കുന്നു.

രണ്ടാമതായി മാർപാപ്പാ നമ്മെ ക്ഷണിക്കുന്നത് സാദ്ധ്യമായ രീതികളിലെല്ലാം ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി മുന്നോട്ടുവരാനാണ്. ഈ തലത്തിൽ കുറെയേറെ ആത്മാർത്ഥമായി സഹകരിക്കുന്നവരാണ് നമ്മുടെ അതിരൂപതാംഗങ്ങൾ. ഉദാഹരണമായി കഴിഞ്ഞ ഒരു കൊല്ലത്തിനിടയ്ക്ക് നമ്മൾ ആരംഭിച്ച "ഭവനം ഒരു സമ്മാനം" എന്ന പദ്ധതിയുടെ ഭാഗമായി നൂറോളം വീടുകൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു. ഇതിനകംതന്നെ രണ്ടരക്കോടിയോളം രൂപ ഇതിനായി സമാഹരിക്കാനും സാധിച്ചിട്ടുണ്ട്. ഇതുപോലെ നാം തുടക്കംകുറിച്ച പല പദ്ധതികളെയും വിജയിപ്പിക്കാൻ മുന്നോട്ടുവരുന്ന ധാരാളംപേരുണ്ട്. പ്രത്യാശയ്ക്കു വകനല്കുന്ന സഹകരണമാണ് എല്ലാ ഭാഗത്തുനിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത്. അതിരൂപതയ്ക്ക് അകത്തും പുറത്തും നിങ്ങളെല്ലാം ചെയ്തുകൊണ്ടിരിക്കുന്ന നിരവധി ജീവകാരുണ്യ പ്രവർത്തന



കരുതുകയും ശ്രദ്ധിക്കുകയും സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുന്ന വ്യക്തിയാണ് ലാസർ. മനുഷ്യന്റെ ദൃഷ്ടിയിലൂടെമാത്രം കണ്ടുകൊണ്ട് ആരെയും അവഗണിക്കാതെ അങ്ങേയറ്റം അവശതയനുഭവിക്കുന്നവരെയും ദൈവത്തിന്റെ വിലപ്പെട്ട ദാനങ്ങളായി കരുതി അവരെ അംഗീകരിക്കുവാനും സ്വീകരിക്കുവാനും സ്നേഹിക്കുവാനുമുള്ള ആഹ്വാനമാണ് ഇത് നമുക്ക് നല്കുന്നത്.

ഉപമയിലെ ധനവാനാകട്ടെ, ഒറ്റനോട്ടത്തിൽ അങ്ങേയറ്റം സൗഭാഗ്യവാനായ മനുഷ്യനാണ് അയാളെന്ന് തോന്നിപ്പോകും. എന്നാൽ ഫ്രാൻസിസ് പാപ്പാ അയാളെ കാണുന്നത് ധനമോഹത്തിന്റെയും പൊള്ളയായ ആത്മാഭിമാനത്തിന്റെയും അഹങ്കാരത്തിന്റെയും മുഖംമൂടി ധരിച്ച ഒരു മനുഷ്യനായിട്ടാണ്. ദൈവം അയാൾക്ക് ഒരു നിലയും വിലയും കല്പിക്കുന്നില്ല. ഏതോ ധനവാൻ എന്നുമാത്രമാണ് അയാളെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. ലാസറിനുള്ളതുപോലെ അയാൾക്ക് ഒരു പേരോ മേൽവിലാസമോ ഇല്ല. ദൈവത്തന്റെ മുമ്പിൽ അത്രയേറെ അവഗണിക്കപ്പെട്ട ഒരു വ്യക്തിയാണയാൾ. ധനവാന്മാർക്ക് ഉണ്ടാകാവുന്ന മൂന്നു പ്രധാന തിന്മകളാണ് അയാളെ ദൈവത്തിൽ നിന്നകറ്റുന്നത്.

ഒന്നാമതായി അയാൾ ധനമോഹത്തിന് അടിമയാണ്. അയാളുടെ സമ്പത്തിന്റെ അതിസമൃദ്ധി അയാളുടെ അനിയന്ത്രിതവും അമിതച്ചിലവുള്ളതുമായ വസ്ത്രത്തിൽതന്നെ കാണാവുന്നതാണ്. അയാൾ ധരിച്ചിരുന്ന ചെമന്നപട്ട് വെള്ളിയെക്കാളും സ്വർണ്ണത്തെക്കാളും വില കൂടിയതായിരുന്നു. പണത്തിന്റെ ഇപ്രകാരമുള്ള ദുർവിനിയോഗത്തെക്കുറിച്ച് പൗലോസ് അപ്പോസ്തലൻ ഇപ്രകാരം നമ്മെ പഠിപ്പിക്കുന്നു: "ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിവേര്" (1 തിമോത്തി. 6:10). സമൂഹത്തിൽ അഴിമതിയുടെ കാരണവും, അസൂയ, മത്സരം, സംശയം എന്നിവയുടെ ഉറവിടവും ധനമോഹമാണ്. പണത്തോടുള്ള അസക്തി ക്രമേണ ധനവാനെ ഒരുതരം വിഗ്രഹാരാധനയിലേക്ക് നയിക്കുന്നു. നന്മ ചെയ്യുവാനും മറ്റുള്ളവരുമായി പങ്കുവച്ചുകൊണ്ട് സ്നേഹബന്ധങ്ങൾ ആഴമാക്കുവാനുമായി ദൈവം നല്കിയ ഉപകരണമാണ് പണം. അതിനു പകരം പാവങ്ങളിൽനിന്നുപോലും പണം പിഴിഞ്ഞെടുത്ത് പണം തനിക്കായിമാത്രം കൂട്ടിവയ്ക്കുകയും അതിനെ വിഗ്രഹമായി ആരാധിക്കുകയും ചെയ്യുന്ന പ്രവണതയാണ് ധനവാന്മാർ നേരിടുന്ന ഏറ്റവും വലിയ പ്രലോഭനം.

ധനവാന്റെ രണ്ടാമത്തെ പ്രലോഭനം അയാളുടെ പൊള്ളയായ അത്മാഭിമാനമാണ്. ദൈവം അയാൾക്ക് ഒരു വിലയും കല്പിക്കുന്നില്ലെങ്കിലും സമൂഹത്തിന്റെ മുമ്പിൽ വിശുദ്ധിയുടെ പരിവേഷമണിയാൻ അയാൾശ്രമിക്കുന്നു.വിശുദ്ധിയുടെഭാവംജനിപ്പിക്കുവാനായി ദേവന്മാരും (ജെറ. 19:9) രാജാക്കന്മാരും (ന്യായ. 8:26) അണിയാറുള്ള ചെമന്ന പട്ടും മൃദുല വസ്ത്രങ്ങളുമാണ് ഈ ധനവാനും ധരിച്ചിരിക്കുന്നത്. വിശുദ്ധിയുമായി ഒരു ബന്ധവുമില്ലാത്ത അയാൾ തന്റെ സമ്പത്സമൃദ്ധിയുടെ പ്രദർശനത്തിലൂടെ താൻ നല്ലവനാണെന്ന ധാരണ മറ്റുള്ളവരിൽ വരുത്താമെന്ന് കരുതുന്നു. യഥാർത്ഥത്തിൽ അയാളുടെ ബാഹ്യശോഭ ആന്തരിക ശൂന്യതയുടെ മുഖംമൂടി മാത്രമാണ്. മനുഷ്യരുടെ മുമ്പിൽ അയാൾ എന്തൊക്കെയോ ആണെന്ന് ഭാവിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും ദൈവത്തിന്റെ മുമ്പിൽ ഈ ധനവാൻ വെറും വട്ടപൂജ്യം മാത്രമാണ്.

സമ്പന്നന്റെ ധാർമ്മികാധഃപതനത്തിന് പ്രധാന കാരണം അയാളുടെ അഹങ്കാരമാണ്. രാജകീയവും ദൈവീകവുമായി കരുതപ്പെടുന്ന വസ്ത്രങ്ങൾ അണിഞ്ഞുകൊണ്ട് അയാൾ രാജാവിന്റെ ഗർവ്വോടുകൂടിയും ദൈവത്തിന്റെ അധികാരത്തോടുംകൂടി പെരുമാറുന്നു. ഏതുനിമിഷത്തിലും താൻ മരണമുള്ളവനാണെന്ന സത്യം അയാൾ മറന്നുപോകുന്നു. സമ്പത്തിനോടുള്ള സ്നേഹത്താൽ ജീർണ്ണിച്ചവരെല്ലാം സാധാരണ അഹംഭാവത്തിന് അടിമകളായിരിക്കും. തങ്ങൾക്കുചുറ്റും അവശതയനുഭവിക്കുന്നവരെ കാണുവാനുള്ള കാഴ്ചയൊന്നും അവർക്കില്ല. പണത്തോടുള്ള ആസക്തി ഒരു അന്ധതയാണ്. വിശന്നും മുറിവേറ്റും തന്റെ വാതിൽപ്പടിയിൽ കിടക്കുന്ന ദരിദ്രനെ കാണുവാനും ആശ്വസിപ്പിക്കുവാനും അയാളുടെ അഹങ്കാരം അയാളെ അനുവദിക്കുന്നില്ല.

യഥാർത്ഥത്തിൽ ദ്രവ്യാഗ്രഹം കാരണം സമ്പന്നനെക്കാളും അധഃപതിച്ച ദരിദ്രരും സമ്പത്തിന്റെ ശരിയായ വിനിയോഗത്തിലൂടെ ലാസറിനെക്കാളും മെച്ചപ്പെട്ട സമ്പന്നരും ഉണ്ടെന്ന വസ്തുത വിസ്മരിക്കുന്നില്ല. സമ്പത്ത് ഉണ്ടോ ഇല്ലയോ എന്നതല്ല, സമ്പത്തിനോടുള്ള മനോഭാവവും അത് വിനിയോഗിക്കുന്ന രീതിയുമാണ് പ്രധാനം. സുവിശേഷത്തിലെ രണ്ടു കഥാപാത്രങ്ങളെയുംകുറിച്ച് ആഴമായി ചിന്തിക്കുമ്പോൾ എന്തുകൊണ്ടാണ് യേശു ഇത്ര കർക്കശമായി ദ്രവ്യാഗ്രഹത്തെ അപലപിക്കുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കും. യേശു



വിന്റെതന്നെ വാക്കുകളിൽ, "രണ്ട് യജമാനന്മാരെ സേവിക്കാൻ ആർക്കും കഴിയുകയില്ല. ഒന്നുകിൽ ഒരുവനെ ദ്വേഷിക്കുകയും അപരനെ സ്നേഹിക്കുകയും ചെയ്യും; അല്ലെങ്കിൽ ഒരുവനെ ബഹുമാനിക്കുകയും അപരനെ നിന്ദിക്കുകയും ചെയ്യും. ദൈവത്തെയും മാമോനെയും ഒരേസമയം സേവിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല" (മത്താ. 6:24).

നെറ്റിയിൽ ചാരംപൂശിക്കൊണ്ടാണല്ലോ നാം തപസ്സുകാലം ആരംഭിക്കുന്നത്. "നീ പൊടിയാണെന്നും പൊടിയിലേക്ക് പിന്തിരിയും എന്നും ഓർക്കുക" എന്ന മുന്നറിയിപ്പും നാം കേൾക്കുന്നു. സമ്പന്നനും ലാസറിനും സംഭവിച്ചതിതാണ്; രണ്ടുപേരും മരിക്കുന്നു. ഉപമയിലെ നല്ലൊരു ഭാഗവും മരണാനന്തര ജീവിതത്തെക്കുറിച്ചാണ് നമ്മോട് സംസാരിക്കുന്നത്. രണ്ടു കഥാപാത്രങ്ങളും ഒരു വസ്തുത പെട്ടെന്നു തിരിച്ചറിയുന്നു:"നാം ഈ ലോകത്തിലേക്ക് ഒന്നും കൊണ്ടുവന്നില്ല. ഇവിടെനിന്നും ഒന്നും കൊണ്ടുപോകാനും നമുക്കു സാധിക്കുകയില്ല".

ജീവിതകാലത്ത് അബ്രാഹത്തെക്കുറിച്ചോ ദൈവത്തെക്കുറിച്ചോ ചിന്തിക്കാതെ സ്വയം ദൈവമായി ചമഞ്ഞ ധനികൻ മരണശേഷം "പിതാവേ" എന്നു വിളിക്കുന്നു. തന്റെ പടിവാതില്ക്കൽ കിടന്നു കഷ്ടപ്പെട്ട ലാസറിനെ ഒരിക്കൽപ്പോലും തിരിച്ചറിയാത്ത ധനികൻ മരണാനന്തരം ലാസറിന്റെ കരങ്ങളിൽനിന്ന് ഒരു തുള്ളി വെള്ളമെങ്കിലും കിട്ടാൻ ആഗ്രഹിക്കുന്നു. ജീവിതകാലത്ത് ചെയ്യാനുള്ളത് മരണാനന്തരം ആഗ്രഹിച്ചതുകൊണ്ട് ഒരു പ്രയോജനവുമില്ലെന്ന് സൂചിപ്പിച്ചുകൊണ്ട് അബ്രഹാം ധനവാനോട് പറയുന്നതിതാണ്: "മകനേ, നീ ഓർമ്മിക്കുക, നിനക്ക് ജീവിതകാലത്ത് എല്ലാ സൗകര്യങ്ങളും ലഭിച്ചിരുന്നു. ലാസറിനോ കഷ്ടതകളും. ഇപ്പോൾ അവൻ ഇവിടെ ആനന്ദിക്കുകയും നീ വേദന അനുഭവിക്കുകയും ചെയ്യുന്നു" (ലൂക്ക. 16:25). സമ്പന്നന്റെ തടസ്സവാദങ്ങളെല്ലാം എതിർത്തുകൊണ്ട് അവസാനം അബ്രഹാം പറയുന്നതിതാണ്: "മോശയും പ്രവാചകന്മാരും പറയുന്നത് അവർ കേൾക്കുന്നില്ലെങ്കിൽ മരിച്ചവരിൽനിന്ന് ഒരുവൻ ഉയിർത്താലും അവർക്ക് ബോദ്ധ്യമാവുകയില്ല" (ലൂക്ക. 16:31).

ധനികൻ ഇത്രത്തോളം അധഃപതിക്കുവാനുള്ള കാരണം വെളിപ്പെടുത്തുന്ന ഒരു വാക്യമാണിത്. അയാളുടെ യഥാർത്ഥ പ്രശ്നം ജീവിതകാലത്ത് ദൈവവചനം കേൾക്കുന്നതിലും അതനുസരിച്ച് തന്റെ